## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.90** **08.01.2014-ൽ മറുപടിക്ക്**

## സ്പെഷ്യാലിറ്റി കേഡർ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>,, പി.ഉബൈദുള്ള<br>,, പി.കെ.ബഷീർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഡോക്ടർമാരുടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി നടപ്പിലാക്കിയ സ്പെഷ്യാലിറ്റി കേഡർ സംവിധാനം കുറ്റമറ്റ രീതിയിലാണോ പ്രവർത്തിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | എ) കേരളത്തിലെ ജനറൽ / ജില്ലാ / താലൂക്ക് ആശുപത്രികളിലും ചില സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി കേഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സ്പെഷ്യലിറ്റി ഡോക്ടർമാരുടെ സേവനം സാധാരണക്കാരായ രോഗികൾക്ക് ലഭ്യമാക്കാൻ കേഡർ സംവിധാനം നടപ്പിലാക്കിയതുവഴി കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ കേഡർ സമ്പ്രദായം കുറ്റമറ്റ രീതിയിലാണോ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ച് പഠനം ഒന്നും തന്നെ നടത്തിയിട്ടില്ല. |
| (ബി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്കുവേണ്ടി തീരുമാനിക്കപ്പെട്ട പോസ്റ്റുകൾ പകുതിയിലധികം ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>സി) ഇതു സംബന്ധിച്ച കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) & സി) സർജറി / അനസ്തേഷ്യ / ജനറൽ മെഡിസിൻ / സൈക്യാട്രി എന്നീ ചില തസ്തികകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിൽ സൃഷ്ടിച്ച 2001 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികയിൽ ആകെ 357 എണ്ണമാണ് ഒഴിഞ്ഞു കിടക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1. ജനറൽ മെഡിസിൻ - 56<br>2. സർജറി - 63<br>3. ഗൈനക്കോളജി - 48<br>4. പീഡിയാട്രിക്സ് - 30<br>5. ഓർത്തോ - 19<br>6. അനസ്തേഷ്യ - 38<br>7. സൈക്യാട്രി - 23<br>8. ഒഫ്ത്താൽമോളജി - 14<br>9. പി.എം.ആർ - 4 |

| | |
|---|---|
| 10. റേഡിയോളജി | - 12 |
| 11. റെസ്പിറേറ്ററി മെഡിസിൻ | - 13 |
| 12. ഇ.എൻ.ടി | - 13 |
| 13. ഡെർമറ്റോളജി | - 13 |
| 14. ഡെന്റൽ | - 7 |
| 15. ഫോറൻസിക് മെഡിസിൻ | - 4 |
| **ആകെ** | **- 357** |

| | |
|---|---|
| (ഡി) സേവന വേതന വ്യവസ്ഥകളിൽ മാറ്റംവരുത്തി സ്പെഷ്യാലിറ്റി കേഡർ പദ്ധതി ക്രിയാത്മകമായി നടപ്പിലാക്കു വാൻ നടപടി സ്വീകരിക്കുമോ? | ഡി) സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ നിയമിക്കുന്ന ശമ്പളക്കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച് യഥാസമയം തീരുമാനമെടു ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ